(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ പെട്രോളിന് 3 തവണയും ഡീസലിന് 2 തവണയും നികുതി വർദ്ധിപ്പിച്ചു.

പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം എന്നിവയുടെ വില്പന നികുതി

177 (517) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് വില്പന നടത്തുന്ന പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം, എന്നിവയുടെ വില്പന നികുതി എത്ര ശതമാനമായിരുന്നു, നിലവിലുള്ളത് എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2010-11 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ വില്പന നികുതി ഇനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം എത്ര കോടി രൂപയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) 2013-14 സാമ്പത്തിക വർഷം മേൽപ്പറഞ്ഞവയുടെ വില്പന നികുതി ഇനത്തിൽ ലഭിച്ച മൊത്തം വരുമാനം എത്ര കോടി രൂപയാണ്, നടപ്പ് സാമ്പത്തികവർഷം നാളിതുവരെ ലഭിച്ച വരുമാനം എത്ര കോടി രൂപയാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ ഏറ്റവും ഒടുവിൽ എത്ര ശതമാനം വീതം വില്പന നികുതി വർദ്ധിപ്പിച്ചു ; ഇതുവഴി പ്രതിവർഷം പ്രതീക്ഷിക്കുന്ന അധികവരുമാനം എത്ര കോടി രൂപയാണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുള്ള നിരക്ക് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

പെട്രോൾ 29.01%
ഡീസൽ 24.69% വില്പന നികുതി

മണ്ണെണ്ണ (പി.ഡി.എസ്.) : 4% മൂല്യ വർദ്ധിത നികുതി

പാചക വാതകം (ഗാർഹിക ഉപഭോഗം) : 4%

ഇപ്പോൾ ഇവയുടെ നികുതി നിരക്ക് താഴെ സൂചിപ്പിച്ചിരിക്കുന്ന വിധമാണ്.

പെട്രോൾ 28.72% വില്പന നികുതി
ഡീസൽ 22.07%

മണ്ണെണ്ണ (പി.ഡി.എസ്.) : 5% മൂല്യ വർദ്ധിത നികുതി

പാചക വാതകം (ഗാർഹിക ഉപഭോഗം) : 5%

(ബി) 2010-11 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ വിൽപ്പന നികുതി ഇനത്തിൽ സർക്കാരിന് 3331.89 കോടി രൂപ നികുതി വരുമാനം ലഭിച്ചിട്ടുണ്ട്.

(സി) 2013-14 സാമ്പത്തിക വർഷം മേൽപ്പറഞ്ഞവയുടെ വില്പന നികുതി ഇനത്തിൽ 4437.58 കോടി രൂപ വരുമാനമുണ്ടായി. നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ (28-11-2014 വരെ) 2907.58 കോടി രൂപ വരുമാനം ലഭിച്ചു.

(ഡി) ഏറ്റവും ഒടുവിൽ പെട്രോൾ, ഡീസൽ എന്നിവയുടെ അടിസ്ഥാന വിലയിൽ എണ്ണ കമ്പനികൾ മാറ്റം വരുത്തിയത് 2014 നവംബർ ഒന്നിനാണ്. അന്ന് പെട്രോളിന്റെ വില 2.41 രൂപയും ഡീസലിന്റേത് 2.25 രൂപയുമാണ് കുറച്ചത്. അടിസ്ഥാന വിലയിൽ കുറവ് ഉണ്ടായപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി നികുതി നിരക്കിൽ പുന:ക്രമീകരണം നടത്തിയിട്ടുണ്ട്. ഇത് പ്രകാരം പെട്രോളിന്റെ നികുതി നിരക്ക് 27.42 ശതമാനത്തിൽനിന്നും 28.72 ശതമാനമായും ഡീസലിന്റേത് 21.04 ശതമാനത്തിൽനിന്നും 22.07 ശതമാനമായും പുനഃക്രമീകരിച്ചിട്ടുണ്ട്. ഇതുവഴി പെട്രോളിൽനിന്നും പ്രതിമാസം 9.16 കോടി രൂപയുടെയും ഡീസലിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

പ്രതിമാസം 8.36 കോടി രൂപയുടെയും വരുമാനം സംരക്ഷിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് അധിക നികുതി വരുമാനമല്ല. മുമ്പ് കിട്ടിക്കൊണ്ടിരുന്ന നികുതി നിലനിർത്താനുള്ള നടപടിയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ പദ്ധതി അടങ്കൽ തുക

178 (518) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ദേവസ്വംനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ വാർഷിക പദ്ധതി അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) 2014 ഒക്ടോബർ 31 വരെ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ ഈ സാമ്പത്തിക വർഷത്തെ പദ്ധതിതുക എത്രയാണെന്നും അതിൽ അനുവദിച്ച തുക എത്രയാണെന്നും ഇതേവരെ ചെലവഴിച്ച തുക വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വാർഷിക പദ്ധതി അടങ്കൽ തുക 20000 കോടി രൂപയാണ്.

(ബി) 2014 ഒക്ടോബർ 31 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് 5424.22 കോടി രൂപ (27%) ചെലവഴിച്ചിട്ടുണ്ട്.

(സി) പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ ഈ സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുക ചുവടെ ചേർക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly